(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുവാൻ നടപടി

1 [5956] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ഏതൊക്കെ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതികളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ എത്രയെണ്ണമെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) സ്വകാര്യമേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസി ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണെന്നും ഏതൊക്കെ ഏജൻസികളാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൈദ്യുതി ബോർഡ് നടപ്പാക്കാൻ നടപടി സ്വീകരിച്ച ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു:

1.	മാങ്കുളം	..	40 മെഗാവാട്ട്
2.	തോട്ടിയാർ	..	40 മെഗാവാട്ട്
3.	നേര്യമംഗലം എക്സ്റ്റൻഷൻ സ്കീം	..	25 മെഗാവാട്ട്
4.	പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം	..	60 മെഗാവാട്ട്
5.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം	..	100 മെഗാവാട്ട്
6.	ലോവർ മീൻമുട്ടി	..	3.5 മെഗാവാട്ട്
7.	ചെങ്കുളം ആഗ്മെന്റേഷൻ സ്കീം	..	85 മില്യൻ യൂണിറ്റ്
8.	ആതിരപ്പിള്ളി	..	163 മെഗാവാട്ട്
9.	പാത്രക്കടവ്	..	70 മെഗാവാട്ട്

മുടങ്ങിക്കിടന്നിരുന്ന പദ്ധതികളായ അഴുത ഡൈവേർഷൻ, കുട്ടിയാർ ഡൈവേർഷൻ, കുറ്റ്യാടി ആഗ്മെന്റേഷൻ എന്നിവയുടെ ബാലൻസ് പണികളും പുനരാരംഭിച്ചിട്ടുണ്ട്. 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ ചൈനീസ് സാങ്കേതിക സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന കാര്യം ബോർഡ് പരിഗണിച്ചു വരുന്നു. സ്വകാര്യ മേഖലയിൽ 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കൂടാതെ വൈത്തിരി (45 മെഗാവാട്ട്), കാന്തൻപാറ (35 മെഗാവാട്ട്), മുക്കാലി (40 മെഗാവാട്ട്), പാൽച്ചുരം (22.4 മെഗാവാട്ട്), ചെമ്പുകടവ്-3 (7 മെഗാവാട്ട്), ബാരപ്പോൾ-2 (5 മെഗാവാട്ട്) തുടങ്ങിയ വിവിധ പദ്ധതികളുടെ സർവ്വെ ഇൻവെസ്റ്റിഗേഷൻ ജോലികളും നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 61 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† ചൈനീസ് സാങ്കേതിക സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന 14 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1.	ആനക്കാംപൊയിൽ	..	6.75 മെഗാവാട്ട്
2.	കണ്ടപ്പാൻചാൽ	..	6.25 മെഗാവാട്ട്
3.	പതംകയം	..	4 മെഗാവാട്ട്
4.	കക്കടാംപൊയിൽ—I	..	20 മെഗാവാട്ട്
5.	കക്കടാംപൊയിൽ—II	..	5 മെഗാവാട്ട്
6.	പൂവരംതോട്	..	2 മെഗാവാട്ട്
7.	ഒലിക്കൽ	..	5.50 മെഗാവാട്ട്
8.	പശുക്കടവ്	..	2.5 മെഗാവാട്ട്
9.	ചാത്തൻകോട്ടുനട	..	7 മെഗാവാട്ട്
10.	പുഴിത്തോട്	..	3.50 മെഗാവാട്ട്
11.	വിലങ്ങാട്	..	7 മെഗാവാട്ട്
12.	മണിയാർ ടേൽ റേസ്	..	5 മെഗാവാട്ട്
13.	മാർമ്മല	..	4.50 മെഗാവാട്ട്
14.	പെരുന്തേനരുവി	..	10 മെഗാവാട്ട്

കൂടാതെ താഴെപ്പറയുന്ന പദ്ധതികളും ചെറുകിട പദ്ധതികളുടെ പട്ടികയിൽ വരുന്നു:

1.	ലോവർ മീൻമുട്ടി	..	3.50 മെഗാവാട്ട്
2.	ചെളിക്കല്ലാർ	..	15 മെഗാവാട്ട്
3.	വാക്കല്ലാർ	..	16 മെഗാവാട്ട്
4.	ചെങ്കുളം ടേൽ റേസ്	..	3.6 മെഗാവാട്ട്
5.	ഇറ്റിയാനി	..	2.5 മെഗാവാട്ട്
6.	കാരാപ്പുഴ ഡാം ടോ	..	0.50 മെഗാവാട്ട്
7.	ചീമോനി	..	2.50 മെഗാവാട്ട്
8.	പീച്ചി	..	1.50 മെഗാവാട്ട്
9.	പാൽച്ചുരം (മോഡിഫൈഡ്)	..	22.40 മെഗാവാട്ട്
10.	ചെമ്പുക്കടവ്—III	..	7 മെഗാവാട്ട്
11.	ബാരപ്പോൾ—II	..	5 മെഗാവാട്ട്
12.	പോരുഫാൾസ്	..	9 മെഗാവാട്ട്
13.	പീച്ചാട്	..	4 മെഗാവാട്ട്
14.	അപ്പർ കല്ലാർ	..	3 മെഗാവാട്ട്

(സി) 9 പദ്ധതികൾ നേരത്തേതന്നെ സ്വകാര്യവ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്വകാര്യപങ്കാളിത്തത്തോടു കൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന 61 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ 30 പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനു വേണ്ടി സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നേരത്തേ സ്വകാര്യ വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ള 9 പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1.	മണിയാർ	..	12 മെഗാവാട്ട്
2.	കൂത്തുങ്കൽ	..	21 മെഗാവാട്ട്
3.	ഭൂതത്താൻകെട്ട്	..	16 മെഗാവാട്ട്
4.	ഉള്ളുങ്കൽ	..	7 മെഗാവാട്ട്
5.	കാരിക്കയം	..	15 മെഗാവാട്ട്
6.	ആനക്കയം	..	8 മെഗാവാട്ട്
7.	വാഞ്ചിയം	..	3 മെഗാവാട്ട്
8.	ചാത്തൻകോട്ടുനട	..	2.5 മെഗാവാട്ട്
9.	വെസ്റ്റേൺ കല്ലാർ	..	5 മെഗാവാട്ട്

30 പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ മുന്നോട്ട് വന്നിട്ടുള്ള സംരംഭകരിൽ സ്വന്തം ആവശ്യത്തിനായി വൈദ്യുതി ഉല്പാദിപ്പിക്കുവാൻ (സി.പി.പി.എസ്.) വേണ്ടിയുള്ള മത്സര ദർഘാസിലേക്ക് പ്രീ ക്വാളിഫൈ ചെയ്തിട്ടുള്ള അപേക്ഷകരുടെ വിവരം ഇപ്രകാരമാണ്:

1. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്, തിരുവനന്തപുരം
2. ബിനാനി ഇൻഡസ്ട്രീസ് ലിമിറ്റഡ്, ബിനാനിപുരം, കൊച്ചി.
3. എ. പി. സ്റ്റീൽ റോളിംഗ് മിൽസ് ലിമിറ്റഡ്, പാലക്കാട്.
4. ഗാഷ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്.
5. കൈരളി സ്റ്റീൽസ് ആന്റ് അലോയ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്.
6. എസ്. എം. എം. സ്റ്റീൽ റോളിംഗ് മിൽസ് ലിമിറ്റഡ്, പാലക്കാട്.
7. പാരഗൺ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്.
8. ശ്രീലക്ഷ്മി എലക്ട്രോ സ്മെർട്ടെഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.
9. യമുനാ റോളർ ഫ്ളവർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ.
10. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, കൊച്ചി.

കെ. എസ്. ഇ. ബി.-ക്ക് വൈദ്യുതി ഉല്പാദിപ്പിച്ചു നൽകാൻ മാത്രം വരുന്ന മൽസര ദർഘാസിലേക്ക് പ്രീക്വാളിഫൈ ചെയ്ത സ്വകാര്യ സംരംഭകരുടെ (IPPS) വിവരം താഴെപ്പറയും പ്രകാരമാണ്:

1. കനിഷ്ക് സ്റ്റീൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ.
2. ശ്രീരാമചന്ദ്രാ ഹോട്ടൽസ് ലിമിറ്റഡ്, വിശാഖപട്ടണം.
3. എൻ. സി. എൽ. ഇൻഡസ്ട്രീസ്, ഹൈദരാബാദ്.
4. രാജദീപ് ബിൽഡ്കോൺ പ്രൈവറ്റ് ലിമിറ്റഡ്, അഹമ്മദ് നഗർ.
5. എസ്. എൻ. എസ്. എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി.
6. പാർക്ക്സൺ എസ്റ്റേറ്റ്സ് ആന്റ് ഇൻഡസ്ട്രീസ്, കൊച്ചി.
7. ആങ്കർ സ്ട്രക്ചറൽസ്, കൊച്ചി.
8. ബൊറൂക്ക പവർ കോർപ്പറേഷൻ, ബാംഗ്ളൂർ.
9. ശ്രീ. രായലസീമ ലിമിറ്റഡ്, തൃശ്ശൂർ.

LIBRARY ARCHIVES Kerala Legislative Assembly

10. യമുന റോളർ ഫ്ളവർ മിൽസ് ലിമിറ്റഡ്, തൃശ്ശൂർ.
11. ഇൻഡ് സീൽ ഇലക്ട്രോ സ്മെൽടേഴ്സ്, പാലക്കാട്.
12. വിസ്സാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ്, ഫരീദാബാദ്.

ഈ അപേക്ഷകരിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രപ്പോസൽ (ആർ. എഫ്. പി.) തെരഞ്ഞെടുക്കുന്നവർക്കാണ് പദ്ധതികൾ അനുവദിച്ചു കൊടുക്കുന്നത്. ആർ. എഫ്. പി. ഇഷ്യൂ ചെയ്യാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ തയ്യാറായ വ്യവസായികൾ

2 [5957] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 വർഷത്തിൽ എത്ര വ്യവസായികൾ ചെറുകിട ജല വൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ തയ്യാറായി ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്;

(ബി) വ്യവസായ സഹകാര്യ നിക്ഷേപകർക്കായി എത്ര ചെറുകിട ജലവൈദ്യുത പദ്ധതികളാണ് നീക്കിവച്ചിരിക്കുന്നത്;

(സി) ഇവയിൽ ഏതെങ്കിലും പദ്ധതികൾ സഹകാര്യ നിക്ഷേപകർ ഏറ്റെടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് പറയാമോ?

ഉത്തരം

(എ) വകുപ്പിന്റെ കീഴിലുള്ള സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുള്ള സഹകാര്യ സംരംഭകരിൽ, 10 അപേക്ഷകർ വ്യവസായ സഹകരണങ്ങൾ സ്വന്തം ആവശ്യത്തിനായി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയുള്ള മത്സര ദർഘാസിലേക്ക് പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്.

12 സഹകാര്യ സംരംഭകർ കെ. എസ്. ഇ. ബി.-ക്ക് വൈദ്യുതി ഉൽപ്പാദിപ്പിച്ചു നൽകാൻ മാത്രം, വരുന്ന ദർഘാസിലേക്ക് പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതി നടത്തിപ്പിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശപ്രകാരം [ജി. ഒ. (എംഎസ്) 28/2/പി. ഡി.)] 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ രണ്ടു ഘട്ടമായി സഹകാര്യ മേഖലയുടെ സഹകരണത്തോടെ മത്സര ടെണ്ടർ അടിസ്ഥാനത്തിൽ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly